**ഇൻഫോ പാർക്കിനുവേണ്ടി സ്ഥലമെടുക്കാൻ നടപടി**

91 [3788] *ശ്രീമതി രാധാരാഘവൻ:*
*ശ്രീ. ലൂഡി ലൂയിസ്:*
*,, ടി. വി. ചന്ദ്രമോഹൻ:*
*,, എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫോപാർക്കിന്റെ കൈവശം ഇപ്പോൾ എത്ര ഹെക്ടർ സ്ഥലമുണ്ട്;

(ബി) ഇൻഫോപാർക്കിന് കൂടുതൽ സ്ഥലത്തിന്റെ ആവശ്യമുണ്ടോ എന്നു വ്യക്തമാക്കുമോ;

(സി) അടുത്ത 20 വർഷത്തെ വികസനം ലക്ഷ്യമാക്കി ഇൻഫോപാർക്കിന് വേണ്ടി കൂടുതൽ സ്ഥലമെടുക്കാൻ ഉദ്ദേശമുണ്ടോ?

*ഉത്തരം*

(എ) 32.4 ഹെക്ടർ (80 ഏക്കർ).

(ബി) ഉണ്ട്.

(സി) ഇൻഫോപാർക്കിന്റെ വികസനത്തിന് സമീപഭാവിയിൽത്തന്നെ കൂടുതൽ സ്ഥലമെടുക്കാൻ ഉദ്ദേശമുണ്ട്.

**തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന ആനുകൂല്യങ്ങളെപ്പറ്റി ബോധവൽക്കരണത്തിന് നടപടി**

92 [3789] *പ്രൊഫ. കെ. വി. തോമസ്:*
*ഡോ. എം. എ. കുട്ടപ്പൻ:*
*ശ്രീ. എം. എം. ഹസ്സൻ:*
*,, പി. ടി. തോമസ്:*
*,, ബി. വിജയകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്നതും അവ മുഖേന നൽകപ്പെടുന്നതുമായ വിവിധ ആനുകൂല്യങ്ങളെപ്പറ്റി അവയുടെ അതിർത്തിക്കുള്ളിൽ നിവസിക്കുന്ന ജനങ്ങളെ ബോധവാൻമാരാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(ബി) പ്രസ്തുത ആനുകൂല്യങ്ങളെപ്പറ്റിയും അവ ഗ്രാമസഭകളുടെ തീരുമാന പ്രകാരമാണ് വിതരണം ചെയ്യുന്നത് എന്നതിനെപ്പറ്റിയും വേണ്ട പ്രസിദ്ധീകരണം നൽകുന്നപക്ഷം ഗ്രാമസഭകളിൽ കൂടുതൽ ആളുകൾ പങ്കെടുക്കാനും അവയുടെ പ്രവർത്തനം ഫലപ്രദമാക്കുന്നതിനും കഴിയുമെന്ന് കരുതുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly